## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3233 13/03/2017-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ അറവുശാലകൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>( തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അറവുശാലകൾക്ക് ലൈസൻസ് നൽകേണ്ടത് ആരാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അറവുശാലകൾക്ക് ഡി & ഒ ലൈസൻസ് നൽകുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (ബി) | എന്നാൽ ഇത്തരത്തിൽ ലൈസൻസ് എടുക്കാതെ വ്യാപകമായ രീതിയിൽ അറവുശാലകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ഇത്തരം ഒരു അറവ്ശാല പ്രവർത്തിക്കുന്നതായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത അറവ്ശാലയ്ക്ക് ലൈസൻസ് എടുക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ലൈസൻസ് നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 453, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 230 എന്നിവ പ്രകാരം അറവുശാലകൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നിർബന്ധമാണ്. സംസ്ഥാനത്ത് സർക്കാർ തലത്തിൽ രൂപീകരിച്ച സ്റ്റേറ്റ് കമ്മിറ്റി ഫോർ സ്ലോട്ടർ ഹൗസിന്റെ തീരുമാനമനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ അനധികൃതമായി പ്രവർത്തിക്കുന്ന അറവു കേന്ദ്രങ്ങളെ കണ്ടെത്തി ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി കേസ് രജിസ്റ്റർ ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യുണമെന്ന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ